

# സനാഉല്ലാഹ് അമൃതസരി

(رحمه الله)

## പഞ്ചാബിന്റെ സിംഹം

ശൈഖ് സ്വഫിയ്യുർറഹ്മാൻ അൽമുബാറക്ഫൂരി (رحمه الله)

വിവ :അനസ് നദീരി

## بسم الله الرحمن الرحيم

- **<u>ജനനവും വളർച്ചയും</u>**

ഉജ്ജ്വല വാഗ്മി ,കരുത്തുറ്റ തൂലികയുടെ ഉടമ ,സമകാലികർ ഒന്നടങ്കം പ്രശംസിച്ച മഹാ പണ്ഡിതൻ ,അബുൽവഫാ സനാഉല്ലാഹ് അമൃതസരി റഹിമഹുല്ലാഹ്.ശൈഖ് മുഹമ്മദ് ഖിള്ർ എന്ന കശ്മീരിയൻ ബ്രാഹ്മണ വിഭാഗക്കാരനായിരുന്നു പിതാവ് .കാശ്മീരിന്റെ ഇസ്ലാമിക കാലഘട്ടത്തിലാണ് അദ്ദേഹത്തിന്റെ പൂർവ്വ പിതാക്കന്മാരരിൽ ഒരാൾ ഇസ്ലാം സ്വീകരിച്ചതെന്ന് പറയപ്പെടുന്നു .ശ്രീനഗറിനടുത്തുള്ള ഇസ്ലാമാബാദായിരുന്നു അവരുടെ സ്വദേശം .പിന്നീട് കച്ചവടക്കാരനായിരുന്ന പിതാവ് പഞ്ചാബിലെ അമൃതസർ എന്ന സ്ഥലത്തേക്ക് പാലായനം ചെയ്യുകയും ,അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു .

ഹിജ്റ 1285 റബീഉൽ അവ്വൽ മാസത്തിൽ അമൃതസറിലാണ് ശൈഖ് ജനിക്കുന്നത് .ഏഴ് വയസ്സായിരിക്കെ പിതാവ് മരണപ്പെട്ടു .അധികം താമസിയാതെ പിതൃസഹോദരൻ ശൈഖ് മുഹമ്മദ് അക്റമും മരണപ്പെട്ടു .അതോടെ തന്റെയും കുടുംബത്തിന്റെയും ചിലവ് കണ്ടെത്താനായി സഹോദരന്റെ കൂടെ ജോലിക്ക് പോകേണ്ടി വന്നു .പഠനത്തിനുള്ള അവസരം ലഭിച്ചില്ല 14 വയസ്സായപ്പോൾ മാതാവും മരണപ്പെട്ടു .അതോടെ ദുനിയാവ് അദ്ദേഹത്തിന്റെ മുമ്പിൽ ഇരുട്ടായി.

- **<u>പഠനവും ഉസ്താദുമാരും</u>**

അങ്ങനെയിരിക്കെ ഒരിക്കൽ വലിയൊരു പണ്ഡിതൻ അല്ലാഹുവിന്റെ തീരുമാനമെന്നോണം തന്റെ വസ്ത്രം ശരിയാക്കാനായി - അതായിരുന്നു ശൈഖിന്റെ ജോലി - ശൈഖിന്റെ അടുക്കൽ വന്നു .ശൈഖിനോടുള്ള സംസാരത്തിൽ ശൈഖിന്റെ ബുദ്ധികൂർമതയും കഴിവും മനസ്സിലാക്കിയ അദ്ദേഹം ശൈഖിനെ പഠിക്കാൻ പ്രേരിപ്പിച്ചു .അദ്ദേഹത്തിന്റെ പ്രോത്സാഹനം ഉൾകൊണ്ട് ശൈഖ് ജോലിയോടൊപ്പം പഠനം ആരംഭിച്ചു .അങ്ങനെ അമൃതസറിലെ ത

ന്നെ " തഅ്യിദുൽ ഇസ്ലാം "എന്ന സ്ഥാപനത്തിൽ പേർഷ്യൻ ഭാഷയും ,ശേഷം അറബിയും ,നഹ്വും ,സ്വർഫും ,മൻത്വിഖുമെല്ലാം അദ്ദേഹം പഠിച്ചു.

പിന്നീട് പഞ്ചാബിലെ വലിയ ഹദീസ് പണ്ഡിതനായ ശൈഖ് അബ്ദുൽ മന്നാൻ അൽഅളീമാബാദിയുടെ അടുക്കൽ ചെല്ലുകയും ,അദ്ദേഹത്തിൽ നിന്ന് ഹദീസുമായി ബന്ധപ്പെട്ട വിജ്ഞാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു .ഹിജ്റ വർഷം 1307 ൽ അദ്ദേഹത്തിന്റെ അടുക്കലുള്ള പഠനം പൂർത്തിയാക്കി . പിന്നീട് ദയൂബന്ദ് മദ്റസയിൽ ചേർന്ന് അവിടെ നിന്ന് ബുദ്ധിപരവും പ്രാമാണികവുമായ വിഷയങ്ങൾ പഠിച്ചു .മൻത്വിഖിലും ,ഫൽസഫയിലും ,ഫിഖ്ഹിലും ,ഉസൂലുകളിലും ,അകീദയിലുംആഴത്തിലുള്ള കിതാബുകളും ,ശേഷം ഹദീസിന്റെ കിതാബുകളും പഠിച്ചു .ഇത് മിക്കതും ശൈഖ് മഹ്മൂദ് അൽ ഹസന്റെ അടുക്കലാണ് പഠിച്ചത് 1309ൽ അവിടെ പഠനം പൂർത്തിയാക്കി. അവിടെയുള്ള പഠനത്തിനിടയിൽ ഡൽഹിയിൽ പോയി ശൈഖും മുഹദ്ദിസുമായ നദീർ ഹുസൈൻ അദ്ദഹ്ലവിയുടെ അടുക്കൽ ഹദീസ് ഗ്രന്ഥങ്ങളുടെ അത്റാഫ് [ ആദ്യ - അവസാന ഹദീസുകൾ] വായിച്ച് ഇജാസ വാങ്ങിയിട്ടുണ്ടായിരുന്നു .ശേഷം കാൺപൂരിലെ " ഫൈള്ആം " മദ്റസയിൽ ചേർന്ന് ശൈഖ് അഹ്മദ് ഹസൻ റഹിമഹുല്ലയുടെ അടുക്കൽ ഹദീസ് കിതാബുകളടക്കമുള്ള ഗ്രന്ഥങ്ങൾ പഠിച്ച്1310 ,ൽ അവിടുത്തെ പഠനം പൂർത്തിയാക്കി . കാൺപൂരിൽ നിന്ന് അദ്ദേഹം അൽപ്പം വൈദ്യവും പഠിച്ചിട്ടുണ്ടായിരുന്നു.

- **<u>അധ്യാപക ജീവിതം</u>**

ശേഷം ജന്മനാട്ടിലേക്ക് മടങ്ങുകയും ,ശൈഖ് അഹ്മദുല്ലാഹ് അമൃതസരി അദ്ദേഹത്തെ 'തഅ്യിദുൽ ഇസ്ലാം' മദ്റസയുടെ റഈസായി നിശ്ചയിക്കുകയും ചെയ്തു .സ്വഹീഹുൽ ബുഖാരി പോലുള്ള വലിയ കിതാബുകൾ പഠിപ്പിക്കാനും അദ്ദേഹത്തെ ചുമതലപ്പെടുത്തി .ആറു മാസത്തിന് ശേഷം 'അൽ മദ്റസത്തുൽ ഇസ്ലാമിയ്യ' എന്ന സ്ഥാപനത്തിലേക്ക് മാറുകയും ,ഏതാനും വർഷങ്ങൾ അവിടെ സേവനമനുഷ്ഠിക്കുകയും ചെയ്തു.

- **<u>പ്രബോധന മേഖലയിലേക്ക്</u>**

പിന്നീട് അധ്യാപനം നിർത്തി ഗ്രന്ഥരചനയിലേക്കും ,ഇസ്ലാം പ്രചരിപ്പിക്കാനും ഇസ്ലാമിക വിമർശനങ്ങൾക്ക് മറുപടിയും സംവാദങ്ങളുമായി പ്രബോധന മേഖലയിലേക്ക് തിരിഞ്ഞു .അങ്ങനെ ആ മേഖലയിൽ ശൈഖ് അതുല്യ വ്യക്തിത്വമായി മാറി .ഇക്കാര്യം ഇസ്ലാമിക പണ്ഡിതന്മാരെല്ലാം വ്യക്തമാക്കിയിട്ടുണ്ട് .ഇസ്ലാമിനെതിരെ ശക്തമായ കടന്നാക്രമണത്തിന്റെ കാലമായിരുന്നു അത് .ഇംഗ്ലീഷുകാരെ നേരിടുന്നതിലും പരാജയപ്പെട്ട് ഇന്ത്യയിൽ നിന്ന് പുറത്താക്കപ്പെടുന്നതോടെ മുസ്ലിംകൾ അവരുടെ മതത്തിൽ നിന്ന് പുറകോട്ട് പോകും എന്നാണ് ശത്രുക്കൾ കരുതിയിരുന്നത് .അതുകൊണ്ട് തന്നെ ഇസ്ലാമിന് പുറത്തു നിന്നുള്ള ശത്രുക്കളും ,മുസ്ലിംകളെന്ന് അവകാശപ്പെടുന്ന ഖുബൂരികളും റാഫിളികളുമടങ്ങുന്ന പിഴച്ച കക്ഷികളും ഇസ്ലാമിനും മുസ്ലിംകൾക്കും എതിരെയുള്ള നീക്കങ്ങൾ നടത്തി .അവരെ കൊണ്ടുള്ള പ്രയാസം വളരെ ശക്തമായി തുടരുന്ന സമയത്താണ് മീർസാ ഗുലാം അഹ്മദ് ഖാദിയാനി എന്ന വലിയ ദജ്ജാൽ രംഗപ്രവേശം ചെയ്യുന്നത്.

- **<u>ഖാദിയാനിയുടെ രംഗപ്രവേശം</u>**

താൻ മസീഹ് ഈസയാണെന്നും ,അല്ല ഈസാ നബി ﷺ യുടെ പകരക്കാരനാണെന്നും ,ഈസാ- അലൈഹിസ്സലാം -ഒരിക്കലും ഭൂമിയിലേക്ക് മടങ്ങില്ല എന്നും ,പിന്നീട് മഹ്ദിയാണെന്നും ,നബിയാണെന്നും ,റസൂലാണെന്നുമെല്ലാം ഖാദിയാനി വാദിച്ചു .കുറച്ച് കൂടി കടന്ന് ഉലൂഹിയ്യത്തിന്റെ ചിലയിനങ്ങളും തനിക്കുണ്ടെന്ന് അയാൾ വാദിച്ചു .ഇത് ഇന്ത്യൻ ഉപഭൂഖണ്ഡത്തെ ആകെ ഇളക്കി മറിച്ചു .പണ്ഡിതന്മാർ പലരും തങ്ങൾക്ക് കഴിയുന്ന വിധം ഇയാളുടെ ആശയങ്ങളെ ഖണ്ഡിക്കുകയും തടയുകയും ചെയ്തു .അന്ന് ഇസ്ലാമിനെ പ്രതിരോധിക്കുന്നതിൽ മുന്നിൽ നിന്നതും ,എല്ലാ നിലക്കും അതിന്റെ പതാക വഹിച്ചതും ശൈഖ് സനാഉല്ലാഹ് അമൃതസരി -റഹിമഹുല്ലാഹ്- ആയിരുന്നു.

സയ്യിദ് സുലൈമാൻ നദ്വി -റഹിമഹുല്ലാഹ്- പറയുന്നു_ :ഇസ്ലാമിനും റസൂൽ ﷺക്കുമെതിരെ വായ തുറക്കുകയോ ,തൂലിക ചലിപ്പിക്കുകയോ ചെയ്ത എല്ലാവർക്കുമെതിരെയുള്ള ഊരിപ്പിടിച്ച വാളായിരുന്നു ശൈഖ് സനാഉല്ലയുടെ തൂലിക .അദ്ദേഹം തന്റെ ആയുസ്സ് മുഴുവനും ഈയൊരു ജിഹാദിനായി മാറ്റി വെച്ചു .അദ്ദേഹം ഇസ്ലാമിന് ചെയ്ത സേവനങ്ങൾക്ക് അല്ലാഹു മഹത്തായ പ്രതിഫലം നൽകട്ടെ .ഇസ്ലാമിന് വേണ്ടി വലിയ ജിഹാദാണ് അദ്ദേഹം നിർ

വ്വഹിച്ചത് .പേന കൊണ്ടോ ,നാവു കൊണ്ടോ ഇസ്ലാമിനെ ആക്രമിക്കുന്നവർ ക്കെല്ലാം മറുപടി പറയാൻ മുൻപന്തിയിലുണ്ടായിരുന്നത് ശൈഖായിരുന്നു . അല്ലാഹു ഈ യോദ്ധാവിന് പദവികൾ ഉയർത്തി കൊടുക്കുകയും ,ശുഹദാ ക്കളുടെ സ്ഥാനം നൽകുകയും ചെയ്യട്ടെ .ഇന്നത്തെ രാഷ്ട്രീയ പാർട്ടികൾ വരു ന്നതിന് മുമ്പ് പട്ടണങ്ങളിൽ ഇസ്ലാമിക് ക്ലബ്ബുകൾ ഉണ്ടായിരുന്നു .മുസ്ലിംകൾ ഖാദിയാനികളോടും ,നസ്രാണികളോടും ,ആര്യന്മാരോടുമൊക്കെ സംവാദ ങ്ങൾ നടത്താറുണ്ടായിരുന്നു .ശൈഖായിരുന്നു മിക്കപ്പോഴും ഇസ്ലാമിനെ പ്ര തിനിധീകരിച്ച് സംസാരിച്ചിരുന്നത് .അതിനു വേണ്ടി ഹിമാലയൻ പർവത നിരകൾക്കും ,ബംഗാൾ ഉൾക്കടലിനുമിടയിൽ സദാ യാത്രയിലായിരുന്നു അ ദ്ദേഹം [1]

## • ഖാദിയാനിയുടെ ശാപ പ്രാർത്ഥന

ശൈഖിന്റെ മുമ്പിൽ തന്റെ വാദങ്ങൾക്കൊന്നും നിലനിൽപ്പില്ല ,തന്റെ കുത ന്ത്രങ്ങളെല്ലാം അദ്ദേഹം പൊളിച്ചടക്കുകയാണെന്ന് ഖാദിയാനി കണ്ടപ്പോൾ തങ്ങളിരുവരിൽ സത്യത്തിന്റെ കക്ഷിയുടെ ജീവിത കാലത്ത് തന്നെ അസ ത്യത്തിന്റെ കക്ഷിയെ മരിപ്പിച്ചു കൊണ്ട് തങ്ങൾക്കിടയിൽ തീർപ്പാക്കുക യും ,അതു മുഖേന ഞങ്ങളിൽ വ്യാജൻ ആരാണെന്നത് പരസ്യമായി തെളി യിക്കുകയും ചെയ്യണേ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഒരു കുറിപ്പ് പരസ്യപ്പെടു ത്തി .അല്ലാഹു തന്റെ പ്രാർത്ഥന സ്വീകരിച്ചിട്ടുണ്ടെന്നും അയാൾ പ്രഖ്യാപി ച്ചു.

അതിനു ശേഷം ഏകദേശം ഒരു വർഷം കഴിഞ്ഞ് ഖാദിയാനി മരണപ്പെട്ടു.! ശൈഖ് സനാഉല്ലാഹ് അതിനു ശേഷവും നാൽപ്പത് വർഷത്തോളം പൂർണ ആരോഗ്യത്തോടെ ജീവിച്ചു .ഇത് ശൈഖിന്റെ ജീവിതത്തിൽ അല്ലാഹു നൽ കിയ ഒരു ദൃഷ്ടാന്തമായിരുന്നു. [2]

---

[1]. [ياد رفتكان ص ٤١٨- ٤٢١]

[2]. *ഖാദിയാനിയുടെ ഉമ്മ തന്നെ അയാളുടെ മരണത്തെ കുറിച്ച് പറയുന്നു : ഗുലാമിന് ഭക്ഷണം കഴിച്ച ഉടനെ ടോയ്ലറ്റിൽ പോകാൻ തോന്നി .പോയി വന്ന് കുറച്ചൊന്ന് ഉറങ്ങിയപ്പോൾ വീണ്ടും പോകേണ്ടി വന്നു .അങ്ങനെ ഞാനറിയാതെ തന്നെ ഒന്നോ രണ്ടോ പ്രാവശ്യം അവൻ ടോയ്ലറ്റിൽ പോയി .ശേഷമാണ് എന്നെ ഉണർത്തുന്നത്. അപ്പോഴേക്കും അവൻ വളരെ അവശനായിരുന്നു .അവന്റെ കട്ടിലിലേക്ക് പോകാൻ കഴിയാത്തതിനാൽ എന്റെ കട്ടിലിൽ തന്നെ ഇരുന്നു .കുറച്ച് കഴിഞ്ഞപ്പോൾ വീണ്ടും*

ഇസ്ലാമിന്റെ ശത്രുക്കളെ തുരത്തുകയും ,ആ മേഖലയിൽ ശക്തമായി ജിഹാദ് ചെയ്യുകയും ചെയ്തതിനാൽ പഞ്ചാബിന്റെ സിംഹം ,ഇന്ത്യയുടെ സിംഹം , ഫാതിഹ് ഖാദിയാൻ) ഖാദിയാൻ ജയിച്ചടക്കിയ ജേതാവ് ,(ഇക്കാലത്തെ ഇബ്ലു തൈമിയ്യ എന്നെല്ലാം അദ്ദേഹം വിളിക്കപ്പെട്ടു.

- **<u>ശൈഖിന്റെ ഗ്രന്ഥങ്ങൾ</u>**

-തഫ്സീർ ,ഖുർആൻ ദുർവ്യാഖ്യാനിച്ചവർക്കുള്ള മറുപടി -സ്ഥിരപ്പെട്ട ഹദീസുകൾ - മര്യാദകൾ ,മതപരവും അറബി ഭാഷയുമായി ബന്ധപ്പെട്ട വിഷയങ്ങ

---

*വീണ്ടും പലപ്രാവശ്യം ടോയ്ലറ്റിൽ പോയി പിന്നീട് പോകാൻ പറ്റാത്ത വിധം തളർന്നപ്പോൾ കട്ടിലിൽ തന്നെ കാര്യം സാധിച്ചു .കുറച്ചൊന്ന് ഉറങ്ങിയ ശേഷം വീണ്ടുമതാവർത്തിച്ചു .പിന്നീട് ചർദിക്കുകയും ,മലർന്ന് വീഴുകയും ,തല കട്ടിലിൽ ഇടിക്കുകയും ചെയ്തു .അവന്റെ അവസ്ഥ വളരെ മോശമായി*

*(سيرة المهدي١٠٩ لبشير أحمد ابن الغلام)*

*എനിക്ക് കോളറ ബാധിച്ചിരിക്കുന്നു എന്ന് അവശ നിലയിൽ പറയുന്നതാണ് ഖാദിയാനിയിൽ നിന്ന് അവസാനമായി കേട്ട വാക്ക് എന്ന് അയാളുടെ ഭാര്യാപിതാവ് പറയുന്നു.*

*(حياة ناصر ص. 14 لرحيم الغلام القادياني )*

*കോളറ ബാധിച്ചപ്പോൾ അവസാന സമയത്ത് ഇയാളുടെ വായിൽ നിന്നും നജസ് പുറത്തു വരുമായിരുന്നു എന്ന് ഇന്ത്യൻ പത്രങ്ങൾ രേഖപ്പെടുത്തുന്നു .ടോയ്ലറ്റിൽ വിസർജിച്ച് കൊണ്ടിരിക്കെയാണ് ഇയാൾ മരണപ്പെടുന്നത്.*

*(بيان محمد اسماعيل القادياني في جريدة القاديانية ٣ مارس ١٩٣٩)*

ൾ -നസ്രാണികൾക്ക് മറുപടി -ആര്യന്മാർക്ക് മറുപടി -ഖാദിയാനികൾക്ക് മറുപടി -ഖുറാഫികൾക്കും ,മറ്റു ബിദ്അത്ത്കാർക്കുമുള്ള മറുപടി തുടങ്ങി വിവിധ വിഷയങ്ങളിൽ ശൈഖ് ഗ്രന്ഥങ്ങൾ രചിച്ചു.

പത്രങ്ങളിലും മറ്റും എഴുതിയത് കൂടാതെ തന്നെ നൂറ്റി മുപ്പതിലധികം ഗ്രന്ഥങ്ങൾ ശൈഖ് രചിച്ചിട്ടുണ്ട്. അതിൽ കൂടുതലും ഖാദിയാനികൾക്കുള്ള മറുപടിയാണ് .ആ വിഷയത്തിൽ സമകാലികരായ മറ്റു പണ്ഡിതന്മരുടെ മറുപടികളേക്കാൾ മികച്ചു നിന്നത് ശൈഖിന്റെ രചനകളായിരുന്നു .കൂടെ ശൈഖിന്റെ പ്രഭാഷണങ്ങൾ കൂടിയായപ്പോൾ അത് ഖാദിയാനിയെ മുബാഹല (ശാപ പ്രാർത്ഥന ) യിൽ കൊണ്ടെത്തിച്ചു .അതിനെ തുടർന്ന് അയാൾ മരണപ്പെടുകയും ചെയ്തു.

- **<u>മറ്റു പ്രവർത്തനങ്ങൾ</u>**

ഇസ്ലാമിനും മുസ്ലിംൾക്കും വലിയ സേവനങ്ങൾ ചെയ്ത മൂന്ന് പത്രങ്ങൾ ശൈഖ് തുടങ്ങിയിരുന്നു.

1. അമൃതസരിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ട 'അഹ്ലുൽ ഹദീസ്' വാരിക . ഇസ്ലാമിനെ പ്രചരിപ്പിക്കുകയും പ്രതിരോധിക്കുകയും ,സലഫുകളുടെ ശരിയായ മൻഹജ് വിശദീകരിക്കുകയും ചെയ്യുന്ന ആ സമയത്തെ ഒരേയൊരു ഇന്ത്യൻ പത്രമായിരുന്നു അത്.

2. ആര്യന്മാർക്ക് മറുപടി പറയാനായി തുടങ്ങിയ 'മുസൽമാൻ ' ആദ്യം മാസത്തിലാണ് ഇറങ്ങിയതെങ്കിൽ പിന്നീടത് ആഴ്ച്ചയിൽ ഇറങ്ങാൻ തുടങ്ങി.

3. ഖാദിയാനി തന്റെ മുബാഹല പ്രാർത്ഥന പരസ്യപ്പെടുത്തിയ ശേഷം തുടങ്ങിയ അവർക്കുള്ള മറുപടി പറയാനായി പുതിയൊരു പ്രസിദ്ധീകരണം ആരംഭിച്ചു .ഹിജ്റ വർഷം 1326 ൽ ഖാദിയാനി മരണപ്പെട്ടപ്പോൾ പ്രസിദ്ധീകരണം തൽകാലികമായി നിർത്തുകയും ചെയ്തു .പിന്നീടും പലപ്പോഴായിത് പുറത്തിറങ്ങിയിട്ടുണ്ട് 1349 ൽ പൂർണമായി നിർത്തലാക്കുകയും 'അഹ്ലുൽ ഹദീസ്'എന്ന വാരികയിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു.

ഇസ്ലാമിക സംഘടനകൾ രൂപികരിക്കുന്നതിലും ,അവയുടെ നടത്തിപ്പിലും ശൈഖ് വലിയ പങ്ക് വഹിച്ചിട്ടുണ്ട് .ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഹിജ്റ 1324 ൽ അഹ്ലുൽ ഹദീസ് രൂപീകരിച്ചവരിൽ ഒരാളാണ് അദ്ദേഹം .ശൈഖിനെ തന്നെ അവർ ജനറൽ സെക്രട്ടറി ആയി തിരഞ്ഞെടുക്കുകയും ,മരിക്കുന്നത് വരെ ശൈഖ് ആ സ്ഥാനത്ത് തുടരുകയും ,മഹത്തായ ഒരുപാട് സേവനങ്ങൾ പ്രബോധന മേഖലയിൽ നിർവഹിക്കുകയും ചെയ്തു .പ്രസ്തുത പ്രദേശത്തെ ഖുർആനും സുന്നത്തും സലഫുകളുടെ മൻഹജനുസരിച്ച് മുറുകെ പിടിക്കുന്ന ഒരേയൊരു സംഘടനയാണിത്.

1917 ൽ ഒന്നാം ലോക മഹായുദ്ധ സമയത്ത് പലനിലക്കുമുള്ള പ്രയാസങ്ങൾ നേരിട്ടപ്പോൾ ഇന്ത്യൻ മുസ്ലിംകളുടെ പൊതുവായ കാര്യങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് ഒരു ഐക്യ രൂപമുണ്ടാകാൻ ഒരു സംഘടനയുണ്ടാക്കാനായി ശൈഖ് പണ്ഡിതന്മാരെ ക്ഷണിച്ചു .പരസ്പര ചർച്ചക്കൊടുവിൽ ശൈഖടക്കമുള്ള പണ്ഡിതന്മാരാൽ 1919 ൽ അങ്ങനെയൊരു സംഘടനക്ക് രൂപം നൽകി .ഇന്നും അത് നേതൃപരമായ അതിന്റെ ഉത്തരവാദിത്വം നിർവഹിച്ച് പോരുന്നു .

നദ്വത്തുൽ ഉലമാ രൂപീകരിച്ച സമിതിയിലും ശൈഖ് അംഗമായിരുന്നു .അതിന് കീഴിലാണ് പിന്നീട് ദാറുൽ ഉലൂം എന്ന സ്ഥാപനം ലക്നൗവിൽ പിറവിയെടുത്തത് .കരുത്തുറ്റ തൂലികയുടെ ഉടമയും ,ശക്തനായ വാഗ്മിയും ,എതിരാളികളുടെ വായടപ്പിക്കുന്നതും എന്നാൽ നർമ സ്വഭാവവുമുള്ള സംവാദ ,ഖണ്ഡന രീതിയായിരുന്നു ശൈഖിന്റേത് .സുന്നത്തിന്റേയും ഇസ്ലാമിന്റെയും ശത്രുക്കളോട് ആയിരത്തിലധികം പ്രാവശ്യം അദ്ദേഹം സംവദിക്കുകയും ,ഓരോ തവണയും എതിരാളികളെ പരാജയപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ശൈഖിന്റെ ദർസുകളും പ്രഭാഷണങ്ങളുമാകട്ടെ എണ്ണി കണക്കാക്കാൻ പ്രയാസമാണ് .സ്വന്തം നാട്ടിൽ ദിനേന നടത്താറുള്ള ദർസുകൾക്ക് പുറമെ പ്രബോധന മാർഗത്തിൽ ഇന്ത്യയുടെ ഒരറ്റത്ത് നിന്ന് മറ്റൊരു അറ്റത്തേക്ക് സദാ ശൈഖ് യാത്രയിലായിരുന്നു .ഇസ്ലാം സ്വീകരിച്ചവർ ,ബിദ്അത്തുകൾ ഉപേക്ഷിച്ച് ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങിയവർ ,ശരിയായ മൻഹജിലേക്ക് മടങ്ങിയവർ ,പിഴച്ച വഴികൾ ഉപേക്ഷിച്ചവർ ,ഹഖിൽ കൂടുതൽ ഉറച്ച് നിൽക്കാൻ തീരുമാനമെടുത്തവർ ഇങ്ങനെ ഒരുപാടാളുകൾക്ക് ശൈഖിന്റെ സംസാരങ്ങൾ പ്രയോജനപ്പെട്ടിട്ടുണ്ട് .അല്ലാഹു അദ്ദേഹത്തിന് പ്രതി

ഫലം ചൊരിയട്ടെ.ഹിജ്റ 1344 ൽ ശൈഖ് ഹജ്ജ് നിർവഹിക്കാനായി പോകുകയും ,അബ്ദുൽ അസീസ് രാജാവ് അദ്ദേഹത്തെ തന്റെ അതിഥിയായി സ്വീകരിക്കുകയും ചെയ്തു .ശൈഖുമായി രാജാവിന് നല്ല ബന്ധമായിരുന്നു. രാജാവ് ഹിജാസിന്റെ ഭരണം ഏറ്റെടുത്ത് ഭരണ ചട്ടങ്ങൾ തീരുമാനിക്കുന്നതിന് മുമ്പായി ഹജ്ജിന്റെ സമയത്ത് ഒരു സംഗമം സംഘടിപ്പിച്ചു .അതിൽ ഇന്ത്യയിൽ നിന്ന് അഹ്ലുൽ ഹദീസിന്റെ പ്രതിനിധികളിൽ ഒരാളായി ശൈഖുമുണ്ടായിരുന്നു .ഹിജാസിന്റെ ഭരണ ദിശ നിർണയിക്കുന്നതുമായി ബന്ധപ്പെട്ട അന്നത്തെ ചർച്ചകളിൽ ശൈഖ് ക്രിയാത്മകമായ പങ്ക് വഹിച്ചു .ഹജ്ജിന്റെ കാര്യങ്ങൾക്കായി പ്രത്യേക ഇദാറ വേണമെന്ന് ശൈഖ് അഭിപ്രായപ്പെടുകയും അത് പ്രയോഗത്തിൽ വരികയും ചെയ്തു.

- **ഒരു പ്രധാന സംഭവം**

1937നവമ്പർ ആദ്യം മുതൽ മൂന്ന് ദിവസം ഖുബൂരികൾ അമൃതസറിൽ ഒരു സംഗമം സംഘടിപ്പിച്ചു .അഹ്ലുൽ ഹദീസുകാരെ -അവരുടെ ഭാഷയിൽ വഹാബികളെ -ചീത്തവിളിക്കുകയും ,അവരെ അടിക്കാനും ,കൊല്ലാനും വരെ തങ്ങളുടെ അനുയായികളെ പ്രേരിപ്പിക്കുന്നതായിരുന്നു സംഗമം .നാലാം ദിവസം ശൈഖ് അവർക്ക് മറുപടി പറയാനായി “ മുബാറഖ് ” എന്ന് പേരുള്ള മസ്ജിദിലേക്ക് പുറപ്പെട്ടു .അവിടെ ചെന്നിറങ്ങിയതും ഒരു യുവാവ് ശൈഖിനെ കൊല്ലാൻ ഉദ്ദേശിച്ച് കൊണ്ട് കടന്നാക്രമിച്ചു .തന്റെ കയ്യിലുള്ള മഴു കൊണ്ട് അയാൾ ശൈഖിന്റെ പിരടിയിൽ ശക്തമായ ഒരു വെട്ട് വെട്ടി.ഉടനെ അയാളെ ശൈഖിന്റെ കൂടെയുണ്ടായിരുന്നവർ പിടികൂടിയെങ്കിലും പിന്നിലേക്ക് തിരിഞ്ഞു നോക്കിയ ശൈഖിന്റെ നെറ്റിയിലും മൂക്കിലുമായി അയാൾ രണ്ടാമതും വെട്ടി .പിടിക്കപ്പെട്ടിരുന്നെങ്കിലും മറഞ്ഞ് നിന്നിരുന്ന തന്റെ സഹായികളുടെ പരിശ്രമത്താൽ അയാൾ രക്ഷപ്പെട്ടു .ശൈഖ് ഒരു മാസത്തിലധികം ഹോസ്പിറ്റലിലും വീട്ടിലുമായി കിടപ്പിലായി .ശേഷം സുഖം പ്രാപിക്കുകയും തന്റെ ജോലിയിലേക്ക് വീണ്ടും പ്രവേശിക്കുകയും ചെയ്തു .അക്രമിയെ പോലീസ് കൊൽക്കത്തയിൽ വെച്ച് പിടികൂടുകയും ,അമൃതസറിലെ കോടതിയിൽ വിചാരണ ചെയ്യുകയും ,കഠിന ജോലികളോട് കൂടിയ നാല് വർഷത്തെ ജയിൽ ശിക്ഷ വിധിക്കുകയും ചെയ്തു .ജയിലിലടക്കപ്പെട്ടപ്പോൾ അയാളുടെ കുടുംബത്തിൽ ജോലിക്ക് പോകാൻ മറ്റാരുമില്ല എന്ന് മനസ്സിലാക്കിയ ശൈഖ് അവർക്ക് എല്ലാ മാസവും നിശ്ചിത തുക എത്തിച്ചു കൊടുക്കുകയായിരുന്നു .അയാൾ ജയിലിൽ നിന്ന് ഇറങ്ങുന്നതു വരെ ഒരാളുമറിയാതെ ഇത് തുട

ർന്നു .ജയിലിൽ നിന്ന് ഇറങ്ങിയ ഉടനെ അയാൾ ശൈഖിന്റെ അടുക്കൽ വന്ന് മാപ്പപേക്ഷിക്കുകയും ,നന്ദി പറയുകയും ,പിന്നീട് ദീൻ മുറുകെപ്പിടിച്ചുള്ള ജീവിതം നയിക്കുകയും ചെയ്തു .ശൈഖിന്റെ ഉൽകൃഷ്ട സ്വഭാവവും ,മഹത്തരമായ പെരുമാറ്റ രീതികളും മനസ്സിലാക്കാൻ ഈയൊരു സംഭവം മാത്രം മതി.

## • അവസാന നാളുകൾ

ശൈഖിന്റെ അവസാന കാലത്ത് ഇന്ത്യ സ്വാതന്ത്ര്യത്തോട് അടുത്തപ്പോൾ വിഭാഗീയതയും അതുമായി ബന്ധപ്പെട്ട സംഘർഷങ്ങളും ശക്തമായി .സിക്ക് ,ഹിന്ദു വിഭാഗത്തിലെ അക്രമികൾ പഞ്ചാബിന്റെ കിഴക്കൻ പ്രദേശത്തെ മുസ്ലിം ഗ്രാമങ്ങളിലും വീടുകളിലും കയറിയിറങ്ങി മുസ്ലിംകളെ കൊല്ലാനും ,മുസ്ലിം സ്ത്രീകളെ ബന്ധികളാക്കാനും ,അവരുടെ സമ്പത്ത് കൊള്ളയടിക്കാനും ,ഭൂമി കയ്യേറാനും തുടങ്ങി .പാക്കിസ്ഥാനിലേക്ക് രക്ഷപ്പെടുക എന്നതല്ലാതെ വേറെയൊരു മാർഗമില്ലാത്ത അവസ്ഥയായി 1947 ആഗസ്റ്റ് 14 ന് ശൈഖിന്റെ പ്രദേശത്തും അക്രമികൾ എത്തി .അവരുടെ സ്ഫോടനത്തിന് ഇരയായി ശൈഖിന്റെ ഏക മകൻ മൗലവി അത്വാഉല്ലാഹ് മരണപ്പെട്ടു .ഒരു അസ്വറിന്റെ സമയത്തായിരുന്നു സംഭവം .രാത്രിയുടെ ആദ്യത്തിൽ തന്നെ ചെറിയൊരു സംഘം മുസ്ലിംകളുടെ കൂടെ ശൈഖ് ഭാര്യയും ,പേരമക്കളുമടങ്ങുന്ന കുടുംബവുമായി പാകിസ്ഥാനിലേക്ക് യാത്ര തിരിച്ചു .ധരിച്ചിരുന്ന വസ്ത്രവും ,കയ്യിലൊരു അമ്പത് രൂപയുമായിരുന്നു ആകെ കൂടെയുണ്ടായിരുന്നത്. അന്ന് രാത്രി തന്നെ അക്രമികൾ ശൈഖിന്റെ വീട്ടിലും കയറി .അവിടെയുള്ള പണവും ,ആഭരണങ്ങളും ,വീട്ടുപകരണങ്ങളും ,പ്രസ്സും മറ്റു വസ്തുക്കളുമെല്ലാം അവർ കൊള്ളയടിക്കുകയും വീടും ലൈബ്രറിയും തീ വെച്ച് നശിപ്പിക്കുകയും ചെയ്തു.

إنا لله وإنا إليه راجعون

ശൈഖ് സുരക്ഷിതമായി ലാഹോറിലെത്തുകയും അവിടെയും ശേഷം ഗുജറൻവാലയിലും കുറച്ച് ദിവസം കഴിച്ച് കൂട്ടി .ശേഷം സർഗോദയിലേക്ക് പോയി അവിടെ സ്ഥിരതാമസമാക്കി .പിന്നീട് ഏതാനും മാസങ്ങൾ കഴിഞ്ഞ് 1948 മാർച്ച് 15 ന് ശൈഖ് മരണപ്പെട്ടു.

رحمه الله رحمة واسعة وغفر له وأسكنه فسيح جناته